സമത്വ സംവാദം സെമിനാർ നടത്തി

ശ്രീകണ്ഠപുരം: ശ്രീകണ്ഠപുരം എസ്. ഇ.എസ്. കോളേജിൽ വനിതാ സെല്ലിന്റെ നേതൃത്വത്തിൽ സമത്വ സംവാദം സെമിനാർ നടത്തി. കൂത്തുപറമ്പ് നിർമലഗിരി കോളേജിലെ അധ്യാപിക ദീപ മാത്യു ഉദ്ഘാടനം ചെയ്തു. വനിതാ സെല്ലിന്റെ കൺവീനർ കെ.വി.ഫിലോമിന അധ്യക്ഷത വഹിച്ചു. ഷീല ജോസഫ്, പി.സതീശൻ, ബീന ജോസഫ് തുടങ്ങിയവർ സംസാരിച്ചു.

സൗജന്യ യൂണിഫോം വിതരണം ചെയ്തു

കണ്ണൂർ: കോർപ്പറേഷന് കീഴിലെ തയ്യിൽ നഴ്സറി സ്കൂളിലെ കുട്ടികൾക്ക് മാധവറാവുസിന്ധ്യ ട്രസ്റ്റിന്റെ നേതൃത്വത്തിൽ സൗജന്യ യൂണിഫോം വിതരണം ചെയ്തു. കോർപ്പറേഷൻ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ ഷാഹിന മൊയ്തീൻ ഉദ്ഘാടനം ചെയ്തു. മാധവറാവുസിന്ധ്യ ചാരിറ്റബിൾ ട്രസ്റ്റ് ചെയർമാൻ കെ പ്രമോദ് അധ്യക്ഷത വഹിച്ചു. മുൻ ഡപ്യൂട്ടി മേയർ സി സമീർ, കൗൺസിലർ മിനാസ് തമ്മിട്ടോൺ, ഹെൽത്ത് ഇൻസ്പെകൂർ നിയാസ്, പി എം ബാബു, രൂപേഷ് ചാലാട്, പി വി രജനി, പിടി എ പ്രസിഡന്റ് മോനിഷ സംസാരിച്ചു.

രാമായണസപര്യ നാളെ

തളിപ്പറമ്പ: മലബാർ ദേവസ്വം എംപ്ലോയീസ് സംഘ് (ബി.എം.എസ്) ആഭിമുഖ്യത്തിൽ രാമായണ സപര്യ നാളെ തളിപ്പറമ്പ തൃച്ചംബരം തുളസി ഹാളിൽ നടക്കും.

രാജരാജേശ്വര ക്ഷേത്രം മേൽശാന്തി പട്രോട്ടം ഹരിദാസൻ നമ്പൂതിരി, തൃച്ചംബരം ശ്രീകൃഷ്ണ ക്ഷേത്രം മേൽശാന്തി കെ.പി.വാസുദേവൻ നമ്പൂതിരി ദീപം തെളിയിക്കും. തുടർന്ന് രാമായണ മനനസത്രം ബി.എം.എസ് ജില്ലാ സെക്രട്ടറി സി.വി.തമ്പാൻ ഉദ്ഘാടനം ചെയ്യും. കെ.പി.പരമേശ്വരൻ അധ്യക്ഷത വഹിക്കും. അഡ്വ.സി.സി.ഇന്ദുകലാധരൻ, പി.ഇ.നാരായണൻ നമ്പൂതിരി, എ.പി.കെ.വിനോദ്, കെ.മുകേഷ്, കെ.വി.ഉണ്ണികൃഷ്ണൻ പ്രസംഗിക്കും.

സീറ്റൊഴിവ്

തളിപ്പറമ്പ: കേരള ഗവ. സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള തളിപ്പറമ്പ ഐ.ഐ.ടി.സി യിൽ ദ്വിവൽസര എഞ്ചിനീയറിംഗ് കോഴ്സുകളായ സിവിൽ എഞ്ചിനീയറിംഗ്, ഓട്ടോമൊബൈൽ എഞ്ചിനീയറിംഗ്, ഇലക്ട്രിക്കൽ എഞ്ചിനീയറിംഗ്, റഫ്രിജറേഷൻ ആന്റ് എയർ കണ്ടീഷനിങ്ങ് എന്നീ ട്രേഡുകളിൽ ഏതാനും സീറ്റുകൾ ഒഴിവുണ്ട്. ന്യൂനപക്ഷ മതവിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കും എസ്.സി, എസ്.ടി. വിഭാഗക്കാർക്കും 60 ശതമാനം വരെ സർക്കാർ സ്കോളർഷിപ്പ് ലഭിക്കുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് തളിപ്പറമ്പ മന്നയിലെ പഴയ ആർ.ടി.ഓഫീസ് ബിൽഡിങ്ങിലുള്ള ഐ.ഐ.ടി.സി ഓഫീസുമായി ബന്ധപ്പെടുക. ഫോൺ: 0460 2206339, 9846118558.

പയ്യാവൂർ: പൈസക്കരി ദേവമാതാ കോളേജിൽ ബികോം, ബി. സി. എ., ബി.എ. ഇംഗ്ലീഷ്, ബി. എസ്.സി മാത്തമാറ്റിക്സ്, ഫിസിക്സ്, കെമിസ്ട്രി, എം. കോം, എം.എ, കോഴ്സുകളിലേക്ക് സീറ്റുകൾ ഒഴിവുണ്ട്. ഫോൺ: 9447767678, 9400439170.

കർഷകരെ ആദരിക്കുന്നു

ആലക്കോട്: ഉദയഗിരി പഞ്ചായത്തിന്റെയും കൃഷിഭവന്റെയും ആഭിമുഖ്യത്തിൽ ചിങ്ങം ഒന്നിന് കർഷക ദിനാചരണത്തോടനുബന്ധിച്ച് പഞ്ചായത്തിലെ മികച്ച കർഷകരെ ആദരിക്കുന്നു. ഇതുമായി ബന്ധപ്പെട്ടുള്ള അപേക്ഷകൾ ഏഴിന് വൈകുന്നേരം നാല് മണിക്ക് മുമ്പായി ഉദയഗിരി കൃഷിഭവനിൽ സമർപ്പിക്കണമെന്ന് കൃഷി ഓഫീസർ അറിയിച്ചു.

സി.പി.എമ്മിന്റെ നിർദ്ദേശം മാത്രം അനുസരിക്കുന്ന പോലീസ് നീതിന്യായവ്യവസ്ഥയെ അപഹാസ്യമാക്കുന്നു: സതീശൻ പാച്ചേനി

കണ്ണൂർ: യൂത്ത് കോൺഗ്രസ് നേതാവ് ഷുഹൈബിന്റെ കൊലപാതകത്തിൽ പ്രതികളായ മുഴുവൻ പേരെയും അറസ്റ്റ് ചെയ്യണമെന്ന് ആവശ്യപ്പെട്ട് മട്ടന്നൂർ സി.ഐ ഓഫീസ് മാർച്ച് നടത്തിയ കോൺഗ്രസ്, യൂത്ത് കോൺഗ്രസ് നേതാക്കൾക്കെതിരെ ജാമ്യമില്ലാ വകുപ്പ് പ്രകാരം കേസെടുത്ത പോലീസ് സി.പി.എമ്മിന്റെ നിർദ്ദേശം മാത്രം നടപ്പിലാക്കുകയാണെന്നും ഇത് നീതിന്യായ വ്യവസ്ഥയെ അപഹാസ്യമാക്കുന്ന പ്രവൃത്തിയാണെന്നും ഡി.സി.സി പ്രസിഡണ്ട് സതീശൻ പാച്ചേനി പറഞ്ഞു. പള്ളിക്കുന്ന് സുപ്രണ്ട് ഗേറ്റ് ബസ്സ് സ്റ്റോപ്പിന് സമീപത്ത് ചിറക്കൽ ബ്ലോക്ക് കോൺഗ്രസ് കമ്മിറ്റി സംഘടിപ്പിച്ച പ്രതിഷേധ സംഗമം ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം.

ബ്ലോക്ക് കോൺഗ്രസ് കമ്മിറ്റി പ്രസിഡണ്ട് കല്ലിക്കോടൻ രാഗേഷ് അദ്ധ്യക്ഷത വഹിച്ചു. അഡ്വ. മാർട്ടിൻ ജോർജ്, എം.പി മുരളി, ഒ.നാരായണൻ, റീന കോയ്യോൻ, റിജിൽ മാക്കുറ്റി, ടി. ജയകൃഷ്ണൻ, കെ.ബാലകൃഷ്ണൻ മാസ്റ്റർ, എം.പി വേലായുധൻ ,കൂക്കിരി രാജേഷ്, എൻ.രാമകൃഷ്ണൻ, കാട്ടാമ്പള്ളി രാമചന്ദ്രൻ, തങ്കമ വേലായുധൻ ഷറഫുദിൻ കാട്ടാമ്പള്ളി, ധനിൽ ടി.കെ, ടി.പി അരവിന്ദാക്ഷൻ, പ്രേംജിത്ത് പൂച്ചാലി, ടി. എം.സുരേന്ദ്രൻ, ഉമേഷ് കണിയാങ്കണ്ടി, അഡ്വ.ഗോപാലകൃഷ്ണൻ തുടങ്ങിയവർ പ്രസംഗിച്ചു. ചന്ദ്രമോഹൻ സ്വാഗതവും സി.കെ. വിനോദ് നന്ദിയും പറഞ്ഞു.

തയ്യിൽ നഴ്സറി സ്കൂളിലെ കുട്ടികൾക്ക് മാധവറാവുസിന്ധ്യ ട്രസ്റ്റ് നൽകുന്ന യൂണിഫോം വിതരണം കണ്ണൂർ കോർപ്പറേഷൻ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ ഷാഹിന മൊയ്തീൻ ഉദ്ഘാടനം ചെയ്യുന്നു.

പുസ്തക പ്രകാശനം

കണ്ണൂർ: ഷൈനയുടെ നാലാമത്തെ നോവലായ 'ഒരു ചുവട് മണ്ണ്' പ്രകാശനം കക്കാട് സി.വി. നവാസ് സൗഹൃദ കൂട്ടായ്മ വായനശാല ആന്റ് ഗ്രന്ഥാലയം അത്താഴക്കുന്നിൽ സംഘടിപ്പിച്ച ചടങ്ങിൽ മുൻ ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് പ്രൊഫ. കെ.എ. സരളക്ക് ആദ്യ പ്രതി നൽകി കഥാകൃത്ത് ശിഹാബുദീൻ പൊയ്തുംകടവ് നിർവഹിച്ചു. വായനശാല ചെയർമാൻ ടി. ഹസൻകുഞ്ഞി അധ്യക്ഷത വഹിച്ചു. നാലപ്പാടൻ പത്മനാഭൻ പുസ്തകം പരിചയപ്പെടുത്തി. കളത്തിൽ ബഷീർ, ജിജേഷ് കൊറ്റാളി, ജലീൽ ചക്കാലക്കൽ, ഷൈന, കെ.വി. കുഞ്ഞബ്ദുല്ല പ്രസംഗിച്ചു. സി.പി. മുസ്തഫ സ്വാഗതവും പി.എം. സഫീർ നന്ദിയും പറഞ്ഞു.

'ടി.കെ.സി എന്ന മൂന്നക്ഷരം' അടുത്ത മാസം പുറത്തിറങ്ങും

മലബാറിലെ പരസ്യരംഗത്തെ തുടക്കക്കാരിൽ ഒരാളായ ടി.കെ.സി എന്ന ചുരുക്കപ്പേരിൽ അറിയപ്പെടുന്ന തയ്യിൽ കടാരൻ കുഞ്ഞഹമ്മദിന്റെ ആത്മകഥ അടുത്ത മാസം പുറത്തിറങ്ങും. ടി.കെ.സി എന്ന മൂന്നക്ഷരം എന്നാണ് ആത്മകഥയുടെ പേര്. 76-ാം വയസിൽ എത്തിനിൽക്കുന്ന ടി.കെ.സി അബുദാബിയിൽ നീണ്ട 20 വർഷം പ്രവാസ ജീവിതം നയിച്ചതിന് ശേഷം നാട്ടിൽ തിരിച്ചെത്തിയാണ് പരസ്യകലയുടെ മേഖലയിലേക്ക് തിരിഞ്ഞത്. ഒഴിവുസമയങ്ങളിൽ ഗൾഫിൽ അദ്ദേഹം ചില പ്രസിദ്ധീകരണ സ്ഥാപനങ്ങളുടെ പരസ്യവിഭാഗത്തിൽ ജോലി ചെയ്തിരുന്നു. അവിടെ നിന്നാണ് മലയാള മാധ്യമരംഗത്തെ പരസ്യങ്ങളിലേക്ക് തിരിഞ്ഞത്. ഇന്ന് ഇന്ത്യയിലെ എല്ലാ ഭാഷയിലെയും പത്രങ്ങളിലും ഇംഗ്ലീഷ് പത്രങ്ങളിലും പരസ്യം പ്രസിദ്ധീകരിക്കുന്ന ടി.കെ.സി അഡ്വടൈസേഴ്സ് എന്ന സ്ഥാപനത്തിന്റെ എല്ലാമായ അദ്ദേഹം പരസ്യകമ്പനികൾക്കിടയിലെ റഫറൻസ് ബുക്കായാണ് അറിയപ്പെടുന്നത്.



എപ്പോഴും നർമ്മത്തിൽ ചാലിച്ച് സംസാരിക്കുന്ന അദ്ദേഹത്തിന് പരസ്യ കലയുടെ മേഖലയിലും ഒട്ടേറെ അനുഭവങ്ങളുണ്ട്. ആ അനുഭവങ്ങളിൽ പലതിലും കൗതുകവും തമാശയുമുണ്ട്. അതൊക്കെ നർമ്മം ചാലിച്ച് തന്നെയാണ് അദ്ദേഹം പുസ്തകരൂപത്തിലാക്കുന്നത്.

കണ്ണൂർ അഡ്വടൈസിംഗ് ക്ലബിന്റെ ആദ്യ പ്രസിഡണ്ട്, കേരള അഡ്വടൈസിംഗ് ഏജൻസീസ് അസോസിയേഷൻ (കെ.ത്രി.എ) വൈസ് പ്രസിഡണ്ട്, ജോയിന്റ് സെക്രട്ടറി എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുള്ള ടി.കെ.സി നിലവിൽ സംഘടനയുടെ ഉപദേഷ്ടാവാണ്. പരസ്യരംഗത്തെ മികവിനുള്ള നിരവധി അവാർഡുകൾ അദ്ദേഹത്തെ തേടിയെത്തിയിട്ടുണ്ട്.

നാടക കലാകാരൻമാരുടെ സംഘടന 'നാടക്' തളിപ്പറമ്പ് മേഖലയിലും സജീവമാകുന്നു

തളിപ്പറമ്പ: നാടിന്റെ അകം സമൂഹത്തിന് കാട്ടിത്തന്ന നാടകമെന്ന കലാരൂപത്തിലെ കലാകാരൻമാരുടെ കൂട്ടായ്മയായ നാടക് തളിപ്പറമ്പ് മേഖലയിലും പ്രവർത്തനം സജീവമാക്കുന്നു. നാടകമെന്ന കലാരൂപത്തിന്റെയും അതിലിടപെടുന്ന കലാകാരൻമാരുടെയും സാമൂഹ്യ പദവി ഉയർത്തുക, സ്വതന്ത്ര കലാപ്രവർത്തനം നടത്തുന്നതിന് ആവശ്യമായ സാമൂഹ്യ-സാമ്പത്തിക-സാംസ്കാരിക സാഹചര്യങ്ങൾ സൃഷ്ടിക്കുക തുടങ്ങിയ ലക്ഷ്യത്തോടെയാണ് നാടക് രൂപം കൊണ്ടത്. ഒറ്റപ്പെട്ട അവതരണങ്ങളിൽ നിന്നും മാറി നിരന്തരമായ അവതരണങ്ങൾക്കായി ജില്ലയിൽ ആധുനിക സജീകരണങ്ങളോടുകൂടിയ ഒരു നാടകശാലയെങ്കിലും നിർമ്മിക്കുക, നാടകത്തിന് മാത്രമായി ഒരു അക്കാദമി സ്ഥാപിക്കുക തുടങ്ങിയ ആവശ്യങ്ങളും സംഘടന മുന്നോട്ടു വെക്കുന്നുണ്ടെന്ന് ഭാരവാഹികൾ വാർത്താ സമ്മേളനത്തിൽ വ്യക്തമാക്കി.

തളിപ്പറമ്പ് മേഖല അംഗത്വ വിതരണ ഉദ്ഘാടനം നാളെ വൈകുന്നേരം മൂന്ന് മണിക്ക് തളിപ്പറമ്പ് ടൗൺസ്ക്വയറിൽ നടക്കും. പ്രസിഡണ്ട് രജിത മധുവിന്റെ അധ്യക്ഷതയിൽ പ്രശസ്ത നാടക പ്രവർത്തകൻ മുഹമ്മദ് പേരാമ്പ്ര ഉദ്ഘാടനം നിർവഹിക്കും. ധർമ്മൻ ഏഴോം അംഗത്വം ഏറ്റുവാങ്ങും. മുൻകാല നാടക പ്രവർത്തകരായ സി.വി.എൻ. ഇരിണാവ്, വി.കെ. റാം കൂവോട്, ഡോ. കുഞ്ഞിക്കണ്ണൻ മോറാഴ, സി.പി. ഭാസ്കരൻ പെരിന്തലേരി, സാവിത്രി ജനാർദനൻ ധർമ്മശാല എന്നിവരെ ആദരിക്കും. നാടക് സംസ്ഥാന ജനറൽ സെക്രട്ടറി ജെ. ഷൈലജ പ്രഭാഷണം നടത്തും. ജില്ലാ സെക്രട്ടറി പി.ടി. മനോജ് , പ്രസിഡണ്ട് പി. രഘുനാഥ്, ബക്കളം ദാമോദരൻ, മഹമൂദ് പറശിനി എന്നിവർ ആശംസ നേരും. പ്രകാശൻ ചെങ്ങൽ സ്വാഗതവും മധു വെങ്ങര നന്ദിയും പറയും. ധർമ്മൻ ഏഴോം, മധു വെങ്ങര, സുരേഷ് കുന്നരു, അഷിമ വെങ്ങര എന്നിവർ നാടകപ്പാട്ടുകൾ അവതരിപ്പിക്കും. തുടർന്ന് കണ്ണൂർ കലാസേന അവതരിപ്പിക്കുന്ന നാടകം 'കപി. നഃ കവി' അരങ്ങേറും.

വാർത്താ സമ്മേളനത്തിൽ പി.ടി. മനോജ്, രജിത മധു, മധു വെങ്ങര, പ്രേമൻ പറശിനിക്കടവ്, രവി കടമ്പേരി, ടി.കെ. അശോകൻ സംബന്ധിച്ചു.

വണ്ണാൻ സമുദായ സംഘം അഞ്ചാം വാർഷികം സപ്തംബർ 20ന്

തളിപ്പറമ്പ: തളിപ്പറമ്പ് ഏരിയാ വണ്ണാൻ സമുദായ സംഘത്തിന്റെ അഞ്ചാംവാർഷികാഘോഷവും എസ്.എസ്.എൽ.സി, പ്ലസ്ടു ഉന്നത വിജയികൾക്കുള്ള അനുമോദനവും സപ്തംബർ 20ന് രാവിലെ ഒമ്പത് മണിക്ക് തളിപ്പറമ്പ് ഡ്രീംപാലസ് ഓഡിറ്റോറിയത്തിൽ നടക്കും. മന്ത്രി കടന്നപ്പള്ളി രാമചന്ദ്രൻ ഉദ്ഘാടനം ചെയ്യും. വിജയികൾക്കുള്ള ക്യാഷ് അവാർഡ് നഗരസഭ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ രജനി രമാനന്ദൻ വിതരണം ചെയ്യും. സംഘം പ്രസിഡണ്ട് കെ.സി. നാരായണൻ അധ്യക്ഷത വഹിക്കും.

ജോസ്ഗിരിയിൽ നിന്ന് കൊട്ടത്തലച്ചിയിലേക്ക് മഴ യാത്ര നാളെ

ആലക്കോട്: കണ്ണൂർ തെളിച്ചം പ്രകൃതി സഹവാസ കൂട്ടായ്മയുടെയും ജോസ്ഗിരി പുകയന്നി ഫാമിന്റെയും സംയുക്താഭിമുഖ്യത്തിൽ ജോസ്ഗിരിയിൽ നിന്ന് കൊട്ടത്തലച്ചി മലയിലേക്ക് സംഘടിപ്പിക്കന്ന സഹ്യനോടൊപ്പം മഴയാത്ര നാളെ നടക്കും. രാവിലെ 10ന് ജോസ്ഗിരിയിൽ ചെറുപുഴ പഞ്ചായത്ത് പ്രസിഡണ്ട് കൊച്ചുറാണി ജോർജ് ഉദ്ഘാടനം ചെയ്യും. ജൈവവൈവിധ്യ ഗവേഷകൻ വി.സി.ബാലകൃഷ്ണൻ നയിക്കുന്ന മഴ യാത്ര ഉച്ചക്ക് ഒരു മണിക്ക് കൊട്ടത്തലച്ചി മലയിലെത്തും.

പയ്യാവൂർ പഞ്ചായത്തിലെ പ്ലാസ്റ്റിക്ക് മാലിന്യങ്ങളുടെ ശേഖരണ ഉദ്ഘാടനം പഞ്ചായത്ത് പ്രസിഡണ്ട് ഡെയ്സി ചിറ്റൂപ്പറമ്പിൽ നിർവഹിക്കുന്നു.

പയ്യാവൂരിൽ പ്ലാസ്റ്റിക്ക് ശേഖരണം ആരംഭിച്ചു

പയ്യാവൂർ: പയ്യാവൂർ ഗ്രാമപഞ്ചായത്ത് ശുചിത്വ ഗ്രാമം സുന്ദര ഗ്രാമം പദ്ധതിയുടെയും ഹരിത കേരള മിഷന്റെയും ഭാഗമായി പയ്യാവൂർ പഞ്ചായത്തിലെ വീടുകളിൽ നിന്നും വ്യാപാര സ്ഥാപനങ്ങളിൽ നിന്നുമുള്ള പ്ലാസ്റ്റിക്ക് മാലിന്യങ്ങൾ ശേഖരിച്ചു തുടങ്ങി. ഹരിത കേരള മിഷന്റെ പരിശീലനം ലഭിച്ച ഹരിതകർമ സേനാംഗങ്ങളാണ് പ്ലാസ്റ്റിക് ശേഖരിക്കുക. ശുചിയായ പ്ലാസ്റ്റിക്ക് മാത്രമാണ് ശേഖരിക്കുക. ഇവ സൂക്ഷിക്കുന്നതിനു വേണ്ടി പഞ്ചായത്ത് കളക്ഷൻ സെന്റർ ആരംഭിച്ചിട്ടുണ്ട്. ഇവ പിന്നീട് റീസൈക്കിൾ കേന്ദ്രത്തിലേക്ക് മാറ്റും. ശേഖരണ ഉദ്ഘാടനം പഞ്ചായത്ത് പ്രസിഡണ്ട് ഡെയ്സി ചിറ്റൂപ്പറമ്പിൽ നിർവഹിച്ചു. വൈസ് പ്രസിഡണ്ട് ടി. പി. അഷ്റഫ് അദ്ധ്യക്ഷത വഹിച്ചു ബ്ലോക്ക് പഞ്ചായത്തംഗം വത്സല സാജു പഞ്ചായത്തംഗങ്ങളായ ആഗ്നസ് വാഴപ്പള്ളി, ജോയി ജോസഫ്, ബിനോയി ആലുങ്കത്തടം, കെ.ടി. അനിൽകുമാർ, പി. കെ. ബാലകൃഷ്ണൻ, സിന്ധു രവി, ജയൻ മല്ലിശ്ശേരി, ആഗ്നസ് കോവാട്ട് അസിസ്റ്റന്റ് സെക്രട്ടറി ഇ.വി വേണുഗോപാൽ, പി. ശെൽവി തുടങ്ങിയവർ സംസാരിച്ചു.

സഹകരണ ഫെഡറേഷൻ ജില്ലാ സമ്മേളനം നാളെ

കണ്ണൂർ: കേരള സഹകരണ ഫെഡറേഷൻ നാലാമത് ജില്ലാ സമ്മേളനം നാളെ രാവിലെ 11 മണിക്ക് കണ്ണൂർ ജവഹർ ലൈബ്രറി ഓപ്പൺ ഓഡിറ്റോറിയത്തിൽ സംസ്ഥാന ജനറൽ സെക്രട്ടറി അഡ്വ. എം.പി. സാജു ഉദ്ഘാടനം ചെയ്യും. ജില്ലാ പ്രസിഡണ്ട് മാണിക്കര ഗോവിന്ദൻ അധ്യക്ഷത വഹിക്കും. സി.എ. അജീർ മുഖ്യപ്രഭാഷണം നടത്തും. ജില്ലാ സെക്രട്ടറി പി. സുനിൽകുമാർ പ്രവർത്തന റിപ്പോർട്ടും ട്രഷറർ എം. ലക്ഷ്മണൻ മാസ്റ്റർ വരവ് ചെലവ് കണക്കും അവതരിപ്പിക്കും. എ.കെ. ബാലകൃഷ്ണൻ, എം. ആനന്ദകുമർ, എൻ. സി. സുമോദ്, കാഞ്ചന മാച്ചേരി, ഒ.വി. സീന, സുധീഷ് കടന്നപ്പള്ളി പ്രസംഗിക്കും. 'കേരള ബാങ്കും പ്രാഥമിക സംഘങ്ങളും' എന്ന വിഷയത്തിൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കോ-ഓപ്പറേറ്റീവ് മാനേജ്മെന്റ് ഫാക്കൽട്ടി വി.എൻ. ബാബു ക്ലാസ് എടുക്കും.

പ്രവാസി സംഘം പൂവം യൂണിറ്റ് രൂപീകരിച്ചു

പൂവം: കേരള പ്രവാസി സംഘം പൂവ്വം യൂണിറ്റ് രൂപീകരിച്ചു. യൂണിറ്റ് രൂപീകരണവും കുടുംബസംഗമവും തളിപ്പറമ്പ് ഏരിയാ കമ്മിറ്റിയംഗം സി.പി. ഗംഗാധരൻ ഉദ്ഘാടനം ചെയ്തു. ടി.വി. ശ്രീനിവാസൻ, കെ. ലക്ഷ്മണൻ, കെ. മനോഹരൻ സംസാരിച്ചു. ലക്ഷ്മണൻ സ്വാഗതം പറഞ്ഞു. എ.വി. മോഹനൻ അധ്യക്ഷത വഹിച്ചു. ഭാരവാഹികളായി ടി. അബ്ദുൾകരീം (പ്രസിഡണ്ട്), ശശിധരൻ (വൈസ് പ്രസിഡണ്ട്), പി.പി. സുരേന്ദ്രൻ (സെക്രട്ടറി), എ.വി. മോഹനൻ (വൈസ് പ്രസിഡണ്ട്) എന്നിവരെ തിരഞ്ഞെടുത്തു.

കെട്ടിടത്തിന്റെ അണ്ടർ ഗ്രൗണ്ടിൽ മലിനജലം കെട്ടിക്കിടക്കുന്നു; പ്രദേശം പകർച്ചവ്യാധി ഭീഷണിയിൽ

പഴയങ്ങാടി: ബസ് സ്റ്റാന്റിന് സമീപത്തെ ഫെഡറൽ ബാങ്കിന് സമീപം നിർമ്മാണത്തിലിരിക്കുന്ന കെട്ടിട സമുച്ചയത്തിന്റെ വാഹന പാർക്കിംഗിനായി ഒരുക്കിയ അണ്ടർ ഗ്രൗണ്ടിലാണ് മലിനജലം കെട്ടി കിടക്കുന്നത്. ഇത് സമീപത്തെ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്നവർക്കും ഏറെ ദുരിതം തീർക്കുന്നു. കെട്ടികിടക്കുന്ന വെള്ളത്തിൽ പ്ലാസ്റ്റിക്ക് മാലിന്യം ഉൾപ്പടെ നിറഞ്ഞ് നിൽക്കുന്നുണ്ട്. കൂടാതെ കൊതുകുശല്യവും കൂടുതലാണ്. ഏഴോം പഞ്ചായത്തിൽ ഉൾപ്പെടുന്ന ഈ കെട്ടിടത്തിൽ മലിനം ജലം കെട്ടിക്കിടക്കുന്നത് കാരണം പരിസരവാസികൾക്ക് ആരോഗ്യ പ്രശ്നങ്ങൾ ഉണ്ടായിട്ടും ഏഴോം പഞ്ചായത്ത് ആരോഗ്യ വകുപ്പ് യാതൊരു നടപടിയും സ്വീകരിച്ചില്ല എന്ന പരാതി ഉയർന്നിട്ടുണ്ട്. മലിനജലം കെട്ടികിടക്കുന്നതിന് സമീപത്തായി ഒരു ഹോട്ടലും പ്രവർത്തിക്കുന്നുണ്ട്. അധികൃതർ ഇടപെട്ട് ആവശ്യമായ നടപടി സ്വീകരിക്കണമെന്നാണ് പ്രദേശവാസികളുടെ ആവശ്യം.


പഴയങ്ങാടി ഫെഡറൽ ബാങ്കിന് സമീപമുള്ള കെട്ടിടത്തിന്റെ വാഹന പാർക്കിംഗിനൊരുക്കിയ അണ്ടർ ഗ്രൗണ്ടിൽ കെട്ടിക്കിടക്കുന്ന മലിനജലം

കരുവഞ്ചാലിൽ മാവേലി സ്റ്റോർ ഉടൻ ആരംഭിക്കണം

വായാട്ടുപറമ്പ: നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റത്താൽ വലയുന്ന ജനങ്ങൾക്ക് ആശ്വാസം നൽകുന്നതിനായി കരുവഞ്ചാലിൽ സർക്കാർ അനുവദിച്ച മാവേലി സ്റ്റോർ അടിയന്തിരമായി ആരംഭിക്കുന്നതിന് നടുവിൽ പഞ്ചായത്ത് അധികൃതർ അടിയന്തിര നടപടികൾ സ്വീകരിക്കണമെന്ന് വായാട്ടുപറമ്പ് വാർഡ് വികസന സമിതിയോഗം ആവശ്യപ്പെട്ടു. പഞ്ചായത്ത് മെമ്പർ എം. എം. ഷനീഷ് അധ്യക്ഷത വഹിച്ചു. സനൽ സേവ്യർ, ലക്ഷ്മണൻ പാച്ചേനി, ബീനീഷ്‌രാജ്, എം.കെ. തോമസ് പ്രസംഗിച്ചു.

ഹിരോഷിമ ദിനാചരണം

കണ്ണൂർ: അഖിലേന്ത്യാ സമാധാന ഐക്യദാർഢ്യ സമിതി (ഐപ്സൊ)യുടെ ഹിരോഷിമ ദിനാചരണം ആറിന് വൈകീട്ട് 4.30ന് പഴയ ബസ്സ്റ്റാന്റ് പരിസരത്ത് കേരള ഗസറ്റഡ് ഓഫീസേർസ് ഫെഡറേഷൻ സംസ്ഥാന സെക്രട്ടറി ബേബി കാസ്ട്രോ ഉദ്ഘാടനം ചെയ്യും. അഡ്വ. സി.ഒ.ടി. ഉമ്മർ അധ്യക്ഷത വഹിക്കും.

മാസാന്ത സ്വലാത്ത് മജ്‌ലിസ് നാളെ രയരോം മഖാമിൽ

ആലക്കോട്: ചരിത്രപ്രസിദ്ധമായ രയരോം മഖാമിൽ നടന്നുവരുന്ന മാസാന്ത സ്വലാത്ത് മജ്‌ലിസും കൂട്ടുപ്രാർത്ഥനയും നാളെ രാത്രി ഏഴ് മണിക്ക് നടക്കും. ഉസ്താദ് ബഷീർ ലത്തീഫി നേതൃത്വം നൽകും.

മുലയൂട്ടൽ കേന്ദ്രങ്ങളുടെ ഉദ്ഘാടനം ആറിന്

പരിയാരം: ലോക മുലയൂട്ടൽ വാരാചരണത്തിന്റെ ഭാഗമായി പരിയാരം ഗ്രാമപഞ്ചായത്തും വനിത ശിശുവികസന വകുപ്പും സംയുക്തമായി നടത്തുന്ന പരിപാടിയുടെ ഭാഗമായി പഞ്ചായത്ത്, പഞ്ചായത്ത് ഓഫീസ്, പരിയാരം പി.എച്ച്.സി, ആയുർവേദ ആശുപത്രി എന്നിവിടങ്ങളിൽ നിർമ്മിച്ച മുലയൂട്ടൽ കേന്ദ്രങ്ങളുടെ ഉദ്ഘാടനം ആറിന് വൈകുന്നേരം മൂന്ന് മണിക്ക് പഞ്ചായത്ത് പരിസരത്ത് നടക്കും. ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ട് ടി. ലത ഉദ്ഘാടനം ചെയ്യും. പഞ്ചായത്ത് പ്രസിഡണ്ട് എ. രാജേഷ് അധ്യക്ഷത വഹിക്കും.

ഭാരവാഹികളെ തിരഞ്ഞെടുത്തു

തളിപ്പറമ്പ്: കേരള ഗണക കണിശ ജ്യോതിഷസഭയുടെ മേഖല ജനറൽബോഡിയോഗം നടന്നു. ഭാരവാഹികളായി അനിൽ (പ്രസിഡണ്ട്), ബാഹുലേയൻ (സെക്രട്ടറി), രഞ്ജിത്ത് (വൈസ് പ്രസിഡണ്ട്), അജയൻ (ജോ. സെക്രട്ടറി), വിനോദ് (ട്രഷറർ) എന്നിവരെ തിരഞ്ഞെടുത്തു. പേരാമ്പ്ര രതീഷ് പ്രബന്ധം അവതരിപ്പിച്ചു.

രാമായണ മാസാചരണം

മുള്ളൂൽ: മുള്ളൂൽ തൃക്കോവിൽ മഹാവിഷ്ണു ക്ഷേത്രത്തിലെ രാമായണ മാസാചരണത്തിന്റെ ഭാഗമായി നാളെ മഹാഗണപതിഹോമവും, അഖണ്ഡ രാമായണ പാരായണ യജ്ഞവും നടക്കും. എല്ലാ ദിവസവും 6.30ന് ക്ഷേത്രത്തിൽ അദ്ധ്യാത്മ രാമായണ പാരായണവും ഉണ്ടാകും.

വിമുക്തഭട കോർപ്പറേഷൻ ജില്ലാ കൺവെൻഷൻ നടന്നു

കണ്ണൂർ: കേരള സ്റ്റേറ്റ് വിമുക്തഭട കോർപ്പറേഷൻ ജില്ലാ കൺവെൻഷൻ പ്രസിഡണ്ട് കെ.വി ജനാർദനന്റെ അധ്യക്ഷതയിൽ ചേർന്നു. ജില്ലാ സെക്രട്ടറി എം. മോഹനൻ പ്രവർത്തന റിപ്പോർട്ട് അവതരിപ്പിച്ചു. ജീവനക്കാർക്ക് ഫെസ്റ്റിവെൽ അലവൻസ് ഏർപ്പെടുത്തുമെന്ന് കെസ്കോൺ ഡയറക്ടർ ബോർഡിനോട് ആവശ്യപ്പെട്ടു. ജില്ലാ കമ്മിറ്റിയുടെ പുതിയ ജനറൽ സെക്രട്ടറിയായി പി. ബാലകൃഷ്ണനെ തിരഞ്ഞെടുത്തു.

യോഗ, വെൽനസ്സ് ശിൽപ്പശാല

കണ്ണൂർ: അസോസിയേഷൻ ഓഫ് ക്വാളിഫൈഡ് യോഗ ട്രെയിനേർസിന്റെ ആഭിമുഖ്യത്തിൽ യോഗ ആന്റ് വെൽനസ് ഏകദിന ശിൽപ്പശാല നാളെ രാവിലെ പത്ത് മണിക്ക് ഐ.എം.എ ഹാളിൽ നടക്കും.

മഹാഗണപതി ഹോമം നാളെ

പഴയങ്ങാടി: അടുത്തില നടക്കൽ തറവാട് ധർമ്മദൈവ പരിപാലന ക്ഷേത്രത്തിലെ കർക്കിടകമാസ മഹാഗണപതിഹോമം നാളെ രാവിലെ വാഴക്കോട് ഇല്ലത്ത് ശങ്കരൻ നമ്പൂതിരിയുടെ മുഖ്യകാർമ്മികത്വത്തിൽ നടക്കും.

PSC
ഹയർ സെക്കന്ററി ലാബ് അസിസ്റ്റന്റ്
സൗജന്യ സെമിനാർ
2018 ആഗസ്റ്റ് 12
മൂത്തേടത്ത് ഹയർ സെക്കന്ററി സ്കൂൾ തളിപ്പറമ്പ
Target College
PH : 04985 205575, 9995499388

എഞ്ചിനീയറിംഗ് പഠനം ബാംഗ്ലൂരിൽ
BE/B-TECH
MECH/CS/EC/CIVIL
മൊത്തം ഫീസ്
2.25ലക്ഷംമാത്രം
Contact:
9738588853
9739588853

നാളെ വിവാഹിതരാകുന്നു
05-08-2018
MUBINSHA.T
D/o. P.K.Muhammadali
Theyyil House
Kurumathoor
Taliparamba
RASHEED.T
S/o.Ummer
Plakkathil House
Malottu
Kannadipparambu
Best Compliments from
FRIENDS & RELATIVES

ആവശ്യമുണ്ട്
ജില്ലയിലെ ഏറ്റവും വലിയ ഫർണ്ണിച്ചർ ഷോറൂമിലേക്ക് ഡ്രൈവറെ ആവശ്യമുണ്ട്. തളിപ്പറമ്പിൽ നിന്നും 15 കിലോമീറ്റർ ചുറ്റളവിൽ ഉള്ളവർ മാത്രം നേരിട്ട് ബന്ധപ്പെടുക.
(പ്രായപരിധി- 38 വയസ്)
NB:ഫോട്ടോ,ലൈസൻസ്,ബാഡ്ജ് എന്നിവയുടെ കോപ്പി കൊണ്ടുവരേണ്ടതാണ്.
HOMEZEN
THE LIVING EMPORIO
വ്യാപാര ഭവന് സമീപം,
കാക്കാത്തോട്, തളിപ്പറമ്പ

സ്റ്റാഫിനെ ആവശ്യമുണ്ട്
തളിപ്പറമ്പ് കരിമ്പം സർസയ്യിദ് കോളേജ് റോഡിൽ പ്രവർത്തിക്കുന്ന കൺസ്ട്രക്ഷൻ കമ്പനിയിലേക്ക് പരിചയസമ്പന്നരായ ലേഡീസ് / ജെന്റ്സ് സ്റ്റാഫിനെ ആവശ്യമുണ്ട്.
9447853963

പ്രസവ ശുശ്രൂഷ
തളിപ്പറമ്പ്- പഴയങ്ങാടി പരിസര പ്രദേശങ്ങളിലും ഏജൻസിയില്ലാതെ പ്രസവ ശുശ്രൂഷക്ക് ബുക്കിംഗിനും ഉടനെ ആവശ്യമുള്ളവരും ബന്ധപ്പെടുക.
9656500108

സ്റ്റാഫിനെ ആവശ്യമുണ്ട്
തളിപ്പറമ്പ് കരിമ്പം സർസയ്യിദ് കോളേജ് റോഡിൽ പ്രവർത്തിക്കുന്ന ബോട്ടീക്കിലേക്ക് പരിചയസമ്പന്നരായ ലേഡീസ് / ജെന്റ്സ് ടൈലറെ ആവശ്യമുണ്ട്.
9633191515

മുദ്ര ലോണിനാവശ്യമായ പ്രൊജക്ട് റിപ്പോർട്ട്, വരുമാനമുള്ളവർക്കും ഇല്ലാത്തവർക്കും ഹോം ലോൺ, വെഹിക്കിൾ ലോൺ, പരസ്പര ജാമ്യത്തിൽ ബിസിനസ് ആവശ്യത്തിന് 5 ലക്ഷം വരെ ലോൺ, കുടുംബശ്രീ തുടങ്ങിയ യൂണിറ്റുകൾക്കും ലോൺ ചെയ്തു കൊടുക്കുന്നു.
D' Solution
9847731749